**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** **28-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ജയിലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സജീവ് ജോസഫ്** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്ന ചിലരാണ് പ്രധാന നഗരങ്ങളിലെ ലഹരി കച്ചവടം നിയന്ത്രിക്കുന്നതെന്ന് എക് സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സെൻട്രൽ ജയിലുകളിൽ ഉൾപ്പെടെ തടവിൽ കഴിയുന്ന മയക്കുമരുന്ന് കേസ് പ്രതികൾ കോൾ കോൺഫറൻസ് സംവിധാനത്തിലൂടെ പുറത്തുള്ള ഏജന്റുമാരുമായി ബന്ധപ്പെടുകയും ലഹരി കച്ചവടത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന സാഹചര്യമുള്ളതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ എൻ.ഡി.പി.എസ്. കേസിൽ പ്രതിയായ ഒരാൾ ജയിലിലെ തടവുകാർക്കുള്ള ഫോൺ ഉപയോഗിച്ച് അയാളുടെ ഭാര്യയെ വിളിച്ചപ്പോൾ ഫോൺ സൗകര്യം ദുരുപയോഗം ചെയ്തുവെന്ന കാര്യത്തിൽ രജിസ്റ്റർ ചെയ്ത 04/2021-ാം നമ്പർ കേസിൽ അന്വേഷണ ഏജൻസിക്ക് മുമ്പാകെ മൊഴി നൽകിയിരുന്നു. |
| (സി) | എങ്കിൽ ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതിനും ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യത്തിൽ കൃത്യമായ നിരീക്ഷണവും ജാഗ്രതയും പുലർത്താൻ എല്ലാ ജയിൽ ഉദ്യോഗസ്ഥർക്കും ജയിൽ മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ